പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **1809** — 18.06.2012 ൽ മറുപടിയ്ക്ക്

**അനീഷ് രാജൻ കൊലക്കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (എസ്.എഫ്.ഐ.)-യുടെ ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റായിരുന്ന അനീഷ് രാജന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും ഏതു സ്റ്റേഷനിലാണ് എന്നും വ്യക്തമാക്കുമോ ; | (എ) | 18.03.2012-ൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലാണ് കേസ്സ് രജിസ്റ്റർ ചെയ്തത്. |
| (ബി) | പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ. പ്രകാരവും ചാർജ് ഷീറ്റ് പ്രകാരവും പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവർ ആരെല്ലാമാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ ; | (ബി) | എഫ്.ഐ.ആർ. പ്രകാരം (1) രൂപേഷ് (2) അഭിലാഷ് (3) സോജൻ (4) രാജേഷ് (5) സന്തോഷ് , മറ്റ് കണ്ടാൽ അറിയാവുന്നവർ 4 പേർ ആണ് പ്രതികളായി കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത കേസ്സ് അന്വേഷണാവസ്ഥയിലാണ്. ചാർജ് ഷീറ്റ് കൊടുത്തിട്ടില്ല. |
| (സി) | അനീഷ് രാജന്റെ കൊലപാതകവുമായി ബന്ധപ്പെട്ട ഗൂഢാലോചന പുറത്തു കൊണ്ടുവരുവാൻ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (സി) | ഗൂഢാലോചന സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പരാതിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ഡി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഇ) | അനീഷ് രാജന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോയെന്നും അവർ ആരെല്ലാമാണെന്നും അവർക്ക് പ്രസ്തുത രാഷ്ട്രീയ പാർട്ടികളിൽ നിലവിലുള്ള സംഘടനാ ഭാരവാഹിത്വം എന്താണെന്നും വ്യക്തമാക്കുമോ ; | (ഇ) | അനീഷ് രാജന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്ന പ്രതികൾ (1) രൂപേഷ് (2) അഭിലാഷ് (3) സോജൻ (4) രാജേഷ് (5) സന്തോഷ് എന്നിവരാണ്. ഇതിൽ രണ്ടാംപ്രതി അഭിലാഷ് യൂത്ത് കോൺഗ്രസ്സ് നെടുങ്കണ്ടം വെസ്റ്റ് മണ്ഡലം പ്രസിഡന്റാണ്. മറ്റ് പ്രതികൾക്ക് രാഷ്ട്രീയ ഭാരവാഹിത്വം ഇല്ലാത്തവരും കോൺഗ്രസ്സ് പ്രവർത്തകരുമാണ്. |
| (എഫ്) | പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് ആരോപണവിധേയരായവരെ പോലീസ് ചോദ്യം ചെയ്യുകയോ കേസ് രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പുപ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കുമോ ? | (എഫ്) | ഈ കേസ്സുമായി ബന്ധപ്പെട്ട് ഗൂഢാലോചന നടന്നതായി നാളിതുവരെയുള്ള അന്വേഷണത്തിൽ അറിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ